സംസ്ഥാനത്തിന്റെ ആഴക്കടലിൽ മത്സ്യബന്ധനം നടത്താൻ കേന്ദ്ര ഗവൺമെന്റ് താഴെ പറയുന്ന ഒൻപത് ആഴക്കടൽ യാനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

1.	ശിവഗംഗ ഫിഷറീസ്	1 യാനം
2.	വെല്ലാ-പി-മോഗർ (സ്പാനിഷ്)	1 യാനം
3.	ഓറിയന്റൽ ഹൈസീഡ്	1 ഫാക്ടറി ട്രോളർ
4.	ഫിഷിംഗ് ഫാൽക്കൺ ഡമി	2 ട്യൂണെവെസൽസ്
5.	ഫോർച്ച്യൂൺ ഓഷ്യാനിക്	2 ഫാക്ടറി ട്രോളർ
6.	റോയ്. ബി. മറൈൻ	1 ഫാക്ടറി ട്രോളർ
7.	എവിറ്റിമുധ്യർ പിറ്റി ലിമി:	1 ഫാക്ടറി ട്രോളർ

സംസ്ഥാനത്തിന്റെ ഉൾക്കടലിൽ മറ്റു സംസ്ഥാനത്തിന്റെ മത്സ്യബന്ധനം നടത്തുന്നുണ്ടോ എന്നു പറയുവാൻ നിർവാഹമില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) കരയിൽ നിന്ന് 22 കി. മീ (12 നോട്ടിക്കൽ മൈൽ)

(ഇ) നിയമവിരുദ്ധ മത്സ്യബന്ധനം ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി പിടിച്ചെടുക്കാൻ വേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്.

(എഫ്) നിയമം ലംഘിക്കുന്ന ബോട്ടുകളെ പിടിച്ചെടുക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥരെ എല്ലാ കേന്ദ്രങ്ങളിലും നിയോഗിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് വിംഗും പ്രവർത്തിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പിലെ 42 ഉദ്യോഗസ്ഥരെ ഇംപൗണ്ടിംഗ് ഓഫീസർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്.

നാടൻകലാ അക്കാദമി രൂപീകരണം

11 (*368) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാടൻകലാ അക്കാദമി രൂപീകരണത്തെ സംബന്ധിച്ചുള്ള സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാടൻ കലാ അക്കാദമി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ നിർദ്ദിഷ്ട അക്കാദമിയുടെ ആസ്ഥാനം എവിടെ ആയിരിക്കുമെന്ന് വെളിപ്പെടുത്താമോ ;

(സി) നിർദ്ദിഷ്ട അക്കാദമിയുടെ പ്രവർത്തനോദ്ദേശ്യം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ & ബി) 19-6-1996-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) 16/95/സി. എ. ഡി. അനുസരിച്ച് നാടൻകലാ അക്കാദമി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അക്കാദമിയുടെ ഇപ്പോഴത്തെ ആസ്ഥാനം കണ്ണൂരാകുന്നു.

(സി) കേരളത്തിലെ നാടൻ കലകളുടെ പരിപോഷണവും സംരക്ഷണവുമാണ് അക്കാദമിയുടെ മുഖ്യ ഉദ്ദേശം.

പെൻഷൻ പദ്ധതി നിലവിലില്ലാത്ത സ്ഥാപനങ്ങൾ

12 (*369) ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. എം. എ. തോമസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പെൻഷൻ പദ്ധതി നിലവിലില്ലാത്ത ഇവിടത്തെ ജീവനക്കാർക്ക്കൂടി പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന് വേണ്ടി ഒരു പെൻഷൻ പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ടോ ;

(ഡി) 30-40 വർഷങ്ങളായി ജോലി ചെയ്തിട്ട് പെൻഷൻ ലഭിക്കാതെ പോകുന്ന ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പുതിയ പെൻഷൻ പദ്ധതിക്ക് രൂപം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ)

(എ-ഡി) സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ വരുന്ന പെൻഷൻ പദ്ധതി നിലിവിലില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു.

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം

13 (*370) ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് സംവിധാനം സംബന്ധിച്ച് നവീകരണപദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly